"CORRUPTION, A CRIME AGAINST NATION"

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 13.01.2025

# ഡിജിറ്റൽ സർവ്വേക്ക് കൈക്കൂലി- സർവ്വേയർ വിജിലൻസ് പിടിയിൽ.

കോഴിക്കോട് ജില്ലയിലെ ഉള്ള്യേരി മുണ്ടോത് റീ-സർവെ സൂപ്രണ്ട് ഓഫീസിലെ ഡിജിറ്റൽ സർവ്വേ നടത്തുന്ന ഫസ്റ്റ് ഗ്രേഡ് സർവ്വേയറായ മുഹമ്മദിനെ 10,000/-രൂപ കൈക്കൂലി വാങ്ങവെ ഇന്ന് (13/01/2025) കോഴിക്കോട് വിജിലൻസ് പിടികൂടി.

കോഴിക്കോട് ജില്ലയിലെ ഉള്ള്യേരി, നാറാത്ത് സ്വദേശിയായ പരാതിക്കാരന്റെ അനുജന്റെ പേരിലുള്ള 5 ഏക്കർ 45 സെന്റ് സ്ഥലം ഡിജിറ്റൽ സർവ്വേ ചെയ്തപ്പോൾ അളവിൽ വന്ന കുറവ് പരിഹരിക്കുന്നതിനായി വീണ്ടും ഡിജിറ്റൽ സർവ്വേ നടത്തുന്നതിന് ഇക്കഴിഞ്ഞ ഒക്ടോബർ മാസം ഫസ്റ്റ് ഗ്രേഡ് സർവ്വേയറായ മുഹമ്മദ് 10,000/- രൂപ കൈക്കൂലി ആവശ്യപ്പെട്ടിരുന്നു. തുടർന്ന് ഇക്കഴിഞ്ഞ ശനിയാഴ്ച മുഹമ്മദ് വീണ്ടും കൈക്കൂലി ആവശ്യപ്പെട്ടപ്പോൾ പരാതിക്കാരൻ ഈ വിവരം കോഴിക്കോട് വിജിലൻസ് യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ അറിയിക്കുകയും, അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി നിരീക്ഷിച്ചുവരവെ ഇന്ന് (13/01/2025) വൈകുന്നേരം 05:00 മണിക്ക് ഉള്ള്യേരി ഫേമസ് ബേക്കറിക്ക് മുന്നിൽ വച്ച് പരാതിക്കാരനിൽ നിന്നും 10,000/- രൂപ കൈക്കൂലി വാങ്ങവേ ഫസ്റ്റ് ഗ്രേഡ് സർവ്വേയറായ മുഹമ്മദിനെ വിജിലൻസ് സംഘം കൈയ്യോടെ പിടികൂടുകയാണുണ്ടായത്. അറസ്റ്റ് ചെയ്ത പ്രതിയെ കോഴിക്കോട് വിജിലൻസ് കോടതിയിൽ ഹാജരാക്കും.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. യോഗേഷ് ഗുപ്ത ഐ.പി.എസ് അഭ്യർത്ഥിച്ചു.